**പിറവി ഒന്നാം ഞായർ**

**മത്താ. 2:1-12**

## ജ്ഞാനികളുടെ സന്ദർശനം

## കുർബാനയിലേക്കുള്ള തീർത്ഥാടനം

റവ.ഫാ. ആൽവിൻ കോട്ടുപ്പള്ളിൽ

പുൽക്കൂട്ടിൽ ലോകരക്ഷകനായി പിറന്ന കർത്താവിനെ കണ്ടെത്താൻ എപ്രകാരം ഞാൻ അന്വേഷിക്കണം. അന്വേഷണയാത്രയിലെ പ്രതിബന്ധങ്ങളെ എങ്ങനെ തരണം ചെയ്യണം? ഈ പ്രതിസന്ധികളെ തരണം ചെയ്ത് കർത്താവിനെ ദർശിക്കുമ്പോഴും അതിനുശേഷവും ഞാൻ എങ്ങനെ നയിക്കപ്പെടണം? എന്നിങ്ങനെയുള്ള ഒത്തിരി ചോദ്യങ്ങൾക്കുത്തരമാണ് പൗരസ്ത്യദേശത്തു നിന്നുള്ള ജ്ഞാനികളുടെ സന്ദർശന വിവരണത്തിലൂടെ മത്തായി സുവിശേഷകൻ വ്യക്തമാക്കിത്തരുന്നത്. ജ്ഞാനികളുടെ സ്ഥാനത്ത് തീർത്ഥാടകരായ നമ്മെ പ്രതിഷ്ഠിച്ച് പുൽക്കൂട്ടിലെ കർത്താവിന്റെ സ്ഥാനത്ത് ബലിപീഠത്തിലെ കുർബാനയെ കണ്ട് നമുക്കും ഒരു തീർത്ഥയാത്ര നടത്താം.

**എപ്രകാരമാണ് ഈശോയെ തേടി പുറപ്പെടേണ്ടത്?**

സുവിശേഷകൻ വ്യക്തമായി പറയുന്നു, പൗരസ്ത്യദേശത്തുനിന്ന് രക്ഷക ജനനത്തിന്റെ അടയാളമായ നക്ഷത്രം കണ്ട്, ആ നക്ഷത്രം തെളിച്ച വഴിയിലൂടെ തീർത്ഥയാത്ര ചെയ്താണ് അവർ ജറുസലേമിലെത്തിയതെന്ന്. ദൈവത്തെ തേടിയുള്ള ഏതൊരു യാത്രയും തീർത്ഥാടനമാണ്.

പരിശുദ്ധ കുർബാന അർപ്പണത്തിനായി എന്റെ പള്ളിമുറിയിൽ നിന്ന്, സന്യാസാശ്രമത്തിൽ നിന്ന്, ഭവനത്തിൽ നിന്ന്, ഞാൻ എവിടെയായിരിക്കുന്നുവോ അവിടെ നിന്ന് ബലിയർപ്പണ വേദിയിലേക്ക് ഞാൻ വയ്ക്കുന്ന ഓരോ ചുവടും തീർത്ഥാടകന്റേതാണ്, തീർത്ഥാടനമാണ്. കാരണം ഈ തീർത്ഥാടനം ഞാൻ നടത്തുന്നത് നക്ഷത്രം അഥവാ സഭ നിർദ്ദേശിക്കുന്ന വഴികളിലൂടെയാണ്. ഞാൻ തേടിപ്പോകുന്നത് പുരോഹിതകരങ്ങളാൽ ബലിപീഠത്തിൽ കൂദാശ ചെയ്യപ്പെടുന്ന അപ്പത്തിലും വീഞ്ഞിലും വന്നു വസിക്കുന്ന കുർബാനയായ എന്റെ കർത്താവിനെ തേടിയാണ്.

**എന്താണ് തീർത്ഥാടന ഉദ്ദേശം?**

രണ്ടാം വാചകത്തിൽ ഇപ്രകാരം പറയുന്നു: ഞങ്ങൾക്ക് കിഴക്ക് അവന്റെ നക്ഷത്രം കണ്ട് അവനെ ആരാധിക്കാൻ വന്നിരിക്കുകയാണ്. തീർത്ഥാടനത്തിന്റെ ഉദ്ദേശം അവിടെ വ്യക്തമാണ്, അത് മറ്റൊന്നുമല്ല. രക്ഷകനെ ആരാധിക്കുക. ദൈവാലയം ലക്ഷ്യമാക്കിയുള്ള എന്റെ യാത്രയുടെയും ഉദ്ദേശം ഒന്നുമാത്രമായിരിക്കണം. ആരാധിക്കുക എന്നത്. പലപ്പോഴും ദൈവാലയത്തിലേക്കുള്ള നമ്മുടെ യാത്രയുടെ ഉദ്ദേശം ദൈവത്തെ ആരാധിക്കുന്നതിലുപരിയായി ആരാധന പിടിച്ചു വാങ്ങാനായിട്ടുള്ളതായി തീർന്നിട്ടില്ലേ? അതുകൊണ്ടാണ് കുർബാനയർപ്പണം ഒരു കടം വീട്ടലും ഒരു ചടങ്ങുമായി പലപ്പോഴും അധഃപതിക്കുന്നത്.

**എന്തൊക്കെയാണ് തീർത്ഥയാത്രയിലെ പ്രതിബന്ധങ്ങൾ?**

ലോകരക്ഷകനെ നോക്കി തീർത്ഥാടനം നടത്തുന്ന ജ്ഞാനികൾ ചെന്നുകയറുന്നത് രക്ഷകനെ നശിപ്പിക്കാൻ ആലോചിക്കുന്ന ഹോറോദേസിന്റെ സംഘത്തിലേക്കാണ്. തിരിച്ചറിയാൻ പറ്റാത്തവിധം ആത്മീയതയെ മൂടുപടമാക്കിയ ഒരു അപകടത്തിലേക്കാണ് അവർ നയിക്കപ്പെടുന്നത്. രക്ഷകനെക്കുറിച്ച് ചോദിച്ചറിഞ്ഞ് അവൻ നശിപ്പിക്കപ്പെടേണ്ടവനാണ് എന്ന നിഗമനത്തിലെത്തുന്ന ഹേറോദേസ് തീർത്ഥാടകരുടെ ഉദ്ദേശത്തിലേക്ക് കടന്നുവന്ന്, ആത്മീയ പരിവേഷത്തോടെ അവനെ സമീപിക്കാനുള്ള വഴികൾ പടച്ചുകൂട്ടുന്നു. അതുകൊണ്ടാണ് അവൻ പറയുന്നത്, നിങ്ങൾ രക്ഷകനെ കണ്ടെത്തിക്കഴിയുമ്പോൾ എന്നെ അറിയിക്കുക, എനിക്കും അവനെ ആരാധിക്കാമല്ലോ.

ഇന്നും ഹേറോദേസുമാർ കുർബാനയെ ലക്ഷ്യമാക്കിയുള്ള നമ്മുടെ തീർത്ഥയാത്രയിൽ വഴിമുടക്കികളായി ദിവ്യകാരുണ്യ ചൈതന്യത്തെ നശിപ്പിക്കാനായി അവതരിക്കാറുണ്ട്. ആത്മീയതയുടെ ആരാധകന്റെ മൂടുപടം ധരിച്ച് കൂദാശ ചെയ്യപ്പെട്ട അപ്പം കൈക്കലാക്കി കുർബാനയെ അവഹേളിക്കുന്ന സാത്താൻ സേവക്കാരും കുർബാനയിലെ തമ്പുരാന്റെ അസ്ഥിത്വത്തെ തള്ളിപ്പറയുന്ന സെക്ടുകളും വിശ്വാസത്തെ യുക്തിയുടെ ബലത്തിൽ മാത്രം ചോദ്യം ചെയ്യുന്ന നിരീശ്വരവാദികളുമെല്ലാം നമ്മുടെ തീർത്ഥയാത്രയിലെ വഴിമുടക്കികളാണെന്ന് തിരിച്ചറിയണം.

**പ്രതിസന്ധികളിൽ തീർത്ഥാടകന്റെ നിലപാടെന്തായിരിക്കണം?**

ആത്മീയതയുടെ ആരാധന മൂടുപടം ധരിച്ച ഹേറോദേസിന്റെ വാക്കുകളെ ഒരുവേള വിശ്വസിക്കുന്നുണ്ടെങ്കിലും ജ്ഞാനികൾ അവരുടെ ലക്ഷ്യത്തിൽ നിന്ന് ഒരിക്കലും പിൻവാങ്ങുന്നില്ല. ഹേറോദേസിന്റെ വാക്കുകളെ വിശ്വസിച്ച് തിരിച്ചുവരാമെന്ന് ഉറപ്പുകൊടുക്കുമ്പോഴും അവർ യാത്രയാകുന്നത് നക്ഷത്രം വഴികാണിച്ച് കണ്ടെത്തി തരുന്ന രക്ഷകനെ ആരാധിക്കാനാണ്. പരിശുദ്ധ കുർബാനയർപ്പണത്തിനായി ദൈവാലയത്തിലേക്ക് തീർത്ഥാടനം നടത്തുമ്പോൾ തീർത്ഥയാത്രയിലെ പ്രതിസന്ധികളെ തരണം ചെയ്യാൻ ഒറ്റകാര്യം ചെയ്താൽ മതി. കർത്താവിനെ ആരാധിക്കാനാണ് ഞാൻ ദൈവാലയത്തിലേക്ക് പുറപ്പെട്ടത് എന്ന ലക്ഷ്യത്തെ മറക്കാതിരിക്കുക.

**എപ്രകാരമായിരിക്കണം എന്റെ ആരാധന?**

പതിനൊന്നാം വാചകത്തിൽ ഇപ്രകാരം വായിക്കുന്നു: നക്ഷത്രം വഴി കാണിച്ചതനുസരിച്ച് നീങ്ങുന്ന ജ്ഞാനികൾ ഭവനത്തിൽ പ്രവേശിക്കുന്നു. ശിശുവിനെ മാതാവായ മറിയത്തോടൊപ്പം കാണുന്നു. നിക്ഷേപപാത്രങ്ങൾ തുറന്ന് പൊന്നും മീറയും കുന്തിരിക്കവും സമർപ്പിക്കുന്നു.

നക്ഷത്രം/സഭ കാണിച്ചുതരുന്ന വഴിയെ യാത്ര ചെയ്യുന്നവർക്ക് ഭവനത്തിൽ അഥവാ ദൈവാലയത്തിൽ പ്രവേശിക്കാം. പരിശുദ്ധ അമ്മയുടെയും സകല സ്വർഗവാസികളുടെയും അകമ്പടിയോടുകൂടി ബലിപീഠത്തിൽ എഴുന്നള്ളിയിരിക്കുന്ന കർത്താവിനെ അപ്പത്തിലും വീഞ്ഞിലും നാം ദർശിക്കും. ഇവിടെ ആരാധനയിലെ സവിശേഷമായ പ്രവർത്തികളിലൊന്ന് സംഭവിക്കുന്നു, അത് മറ്റൊന്നുമല്ല എന്റെ നിക്ഷേപപാത്രം അതായത് എന്റെ ജീവിതം തുറന്ന് പൊന്നും മീറയും കുന്തിരിക്കവുമാകുന്ന വിലയേറിയ ജീവിതനന്മകളെ അവിടുത്തെ പരിശുദ്ധ ബലിപീഠത്തിൽ കുർബാനയാകുന്ന അപ്പത്തോടും വീഞ്ഞിനോടും ചേർത്തു കാഴ്ചവച്ച് ആരാധിക്കുന്നു.

**ആരാധകന്റെ മനോഭാവം എന്തായിരിക്കണം?**

രക്ഷകനെ ആരാധിക്കുന്ന ജ്ഞാനികൾ സ്വപ്നത്തിൽ ലഭിക്കുന്ന നിർദ്ദേശമനുസരിച്ച് മടക്കയാത്ര മറ്റൊരു വഴിയേ ആണ്. വഴിമുടക്കിയായ ഹേറോദേസിന്റെ വാക്കുകളെ മറന്ന് ദൈവത്തിന്റെ വാക്കുകൾക്ക് ചെവികൊടുത്ത് ദൈവം നിർദ്ദേശിക്കുന്ന വഴിയിലൂടെ തീർത്ഥാടനം തുടരുന്നു. യഥാർത്ഥത്തിൽ പൂർണമായി കുർബാനയർപ്പണം യഥാർത്ഥ ആരാധകന്റെ മനോഭാവത്തോടെ പൂർത്തിയാക്കുന്ന തീർത്ഥാടകന് പിന്നീടൊരിക്കലും കർത്താവിനെ/കുർബാനയെ ശത്രുക്കളുടെ മുമ്പിലേക്ക് വലിച്ചിടാൻ, ഒറ്റിക്കൊടുക്കാൻ സാധിക്കില്ല. പിന്നീടുള്ള യാത്ര മുഴുവൻ ആത്മാവിന്റെ പ്രചോദനമനുസരിച്ച് ശത്രുക്കളുടെ/പിശാചിന്റെ കരങ്ങളിലേക്ക് എന്റെ ലക്ഷ്യമായിരുന്ന തമ്പുരാനെ ഏല്പിച്ചു കൊടുക്കാതിരിക്കാനുള്ള പ്രയാണമായിരിക്കും.